2016 ഒക്ടോബർ | പുസ്തകം 1 | ലക്കം 12 | ₹30

എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

ISSN 2456 - 2777

ഫോക്കസ്
ഗാന്ധി ഭാവിവിചാരം

മാസിക

റിപ്പോർട്ട്

ഗാന്ധിഭവൻ പത്തനാപുരം



ബാബു ഇരുമല

# കരുണയുടെ കൂട്ടുകുടുംബം

സമൂഹം ഉപേക്ഷിച്ചവരെ നിറപുഞ്ചിരിയോടെ കൈപിടിച്ച് ആനയിക്കുകയാണ് അറുപതു തികഞ്ഞ ഡോ. പുനലൂർ സോമരാജൻ. സങ്കടങ്ങൾ മറന്ന്, മുന്നോട്ട് ചുവടുവെക്കുന്നവരെയാണ് കൊല്ലം ജില്ലയിലെ പത്തനാപുരം ഗാന്ധിഭവനിൽ കാണാനാവുക. 1500 പേരാണ് ഇവിടെ വസിക്കുന്നത്. ഓരോരുത്തർക്കും അന്യതാബോധം അനുഭവപ്പെടാതെയാണ് ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജനും സഹപ്രവർത്തകരും പരിപാലിക്കുന്നത്.

സ്നേഹവും, കാരുണ്യവും, വാത്സല്യവും ആണ് ഗാന്ധിഭവന്റെ മുഖമുദ്ര. ഒരു കുടുംബത്തിനകത്ത് ലഭിക്കുന്നതിലും എത്രയോ ഇരട്ടി ആശ്വാസം ഇവിടെ ലഭിക്കുന്നുവെന്ന് അതനുഭവിച്ചവർ പറയും. അന്തേവാസികൾക്കുവേണ്ടി അവർക്കൊപ്പം കുടുംബസമേതം ജീവിക്കുകയാണ് സോമരാജൻ. മാനവികത ഉയർത്തിപ്പിടിക്കുന്നതിലാണ് അദ്ദേഹത്തിനും ഒപ്പമുള്ളവർക്കും താൽപര്യം. കുട്ടിക്കാലത്തേ അമ്മ നഷ്ടപ്പെട്ടതും, യാചകരെ വീട്ടിൽ കൊണ്ടുവന്ന് കുളിപ്പിച്ച് ഭക്ഷണവും വണ്ടിക്കൂലിയും നൽകി യാത്രയാക്കുന്ന അച്ഛനും സോമരാജന് പ്രചോദനമായി.

ഉറ്റവരാൽ ഉപേക്ഷിക്കപ്പെട്ട് നിരാലംബരായി കഴിയുകയായിരുന്ന വൃദ്ധയുടെ സംരക്ഷണം ഏറ്റെടുത്തായിരുന്നു ഗാന്ധിഭവന്റെ തുടക്കം. സ്വന്തം വസ്തുവകകൾ വിറ്റ് പത്തനാപുരം ടൗണിൽനിന്നും രണ്ടു കിലോമീറ്റർ മാറി കുണ്ടയത്ത് കല്ലടയാറിന്റെ തീരത്ത് സ്ഥലം വാങ്ങി പ്രവർത്തനം തുടർന്നത് വഴിത്തിരിവായി. ട്രസ്റ്റിന്റെ പ്രവർത്തനം 13 വർഷം പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ കരുണയുടെ വലിയ കൂട്ടുകുടുംബമായി ഗാന്ധിഭവൻ മാറിയിരിക്കുന്നു. മനോരോഗികൾ, ശാരീരിക വൈകല്യമുള്ളവർ, കിടപ്പുരോഗികൾ, ബുദ്ധിമാന്ദ്യമുള്ളവർ തുടങ്ങി അവഗണിക്കപ്പെട്ടവരുടെ ഏറ്റവും വലിയ അഭയസ്ഥാനമാണ് ഇന്നിവിടം.

കൈക്കുഞ്ഞുമുതൽ വയോവൃദ്ധർ വരെ ഗാന്ധിഭവനിലുണ്ട്. ഉയർന്നവനെന്നോ, താഴ്ന്നവനെന്നോ ഉള്ള ചിന്ത ആർക്കുമില്ല. സത്യമാണ് ഇവരുടെ ദൈവം. സ്നേഹമാണ് ഇവരുടെ സമ്പത്ത്. കരുണയാണ് കരുത്ത്. അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ, മെഡിക്കൽ സ്റ്റോറുകൾ, ക്ലിനിക്കൽ ലബോറട്ടറി, ഫിസിയോതെറാപ്പി സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. സ്ത്രീകളുടെ ഷെൽട്ടർ ഹോം, നീതി ഭവനിലെ കെൽസ ലീഗൽ എയ്ഡ് ക്ലിനിക്ക്, വനിതാ കമ്മീഷൻ യൂണിറ്റ്, എയ്ഡഡ് സ്പെഷ്യൽ സ്കൂൾ, ഗാന്ധിഭവൻ സ്നേഹരാജ്യം മാസിക, ഹരിതവാണി ഇന്റർനെറ്റ് റേഡിയോ, പാട്ടത്തിനെടുത്ത രണ്ടേക്കർ ഭൂമിയിലെ കൃഷി, അത്യാധുനിക സ്റ്റീം അടുക്കള, 6000 പുസ്തകങ്ങളുള്ള ലൈബ്രറി, കേരള സംഗീത നാടക അക്കാദമി പ്രതിമാസ പ്രോഗ്രാമുകൾ, ടെയ്‌ലറിംഗ് യൂണിറ്റ്, വലിയ അലക്കുയന്ത്രം, ബാർബർ ഷോപ്പ്, മോർച്ചറി തുടങ്ങിയ ബഹുവിധ സൗകര്യങ്ങളാൽ സമ്പന്നമാണിവിടം. അന്തേവാസികളുടെ സ്വന്തം ഉല്പന്നങ്ങളിൽ ബാത്ത്സോപ്പ്, ഹെയർ ഓയിൽ, അഗർബത്തി, പൽപ്പൊടി, കരകൗശല വസ്തുക്കൾ ഒക്കെ ഉൾപ്പെടുന്നു. ശാന്തിഗിരി, മിൽമ തുടങ്ങി ഇതര സംരംഭകരുടെ സ്റ്റാളുകളും ഇവിടെയുണ്ട്. സാങ്കല്പിക പഞ്ചായത്ത്, ഗാന്ധിഭവൻ ഫാമിലി ക്ലബ്ബ് ഇവയുമുണ്ട്. കേരളത്തിലെ ഏറ്റവും വലിയ ഗാന്ധിപ്രതിമയും ഇവിടെയാണ്. കരീപ്രയിലെ ശരണാലയം, മിത്രപുരത്തെ മദ്യവിമുക്ത ചികിത്സാ കേന്ദ്രം, ഏഴംകുളത്തെ സ്റ്റഡി സെന്റർ തുടങ്ങിയ ഇതര സ്ഥാപനങ്ങളും ഗാന്ധിഭവനുണ്ട്.

ദിവസവും നൂറുകണക്കിന് വിദ്യാർത്ഥികളാണ് ഗുരുവന്ദന സംഗമത്തിൽ പങ്കെടുത്ത്, മാതാപിതാക്കളെ ഉപേക്ഷിക്കില്ല എന്ന് പ്രതിജ്ഞയെടുത്ത് മടങ്ങുന്നത്.

അശരണർക്ക് അന്നവും, വസ്ത്രവും, പാർപ്പിടവും, സ്നേഹവും, കരുതലും നൽകി അവരെ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കുകയാണ് ഗാന്ധിഭവൻ. കരുണവറ്റാത്ത ഒരുകൂട്ടം മനുഷ്യസ്നേഹികളുടെ അർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനത്താൽ ഇവിടം ദേവാലയമാകുന്നു.